ശ്രീ. ടി. പി. സീതാരാമൻ : ആദ്യമായി ഈ സ്കീം പ്രകാരം ഏറ്റെടുത്ത സ്ഥലങ്ങൾക്കു പിന്നീട് വല്ല വ്യതിയാനവും വരുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ വരുത്തിയിട്ടുള്ളതായി അറിവില്ല.

മദ്യനിരോധനം.

* 700. [10] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1958 ഏപ്രിൽ ഒന്നിനു മുൻപ് ഇൻഡ്യ ഒട്ടാകെ മദ്യനിരോധനം ഏർപ്പെടുത്തണമെന്നു മദ്യനിരോധനാന്വേഷണക്കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) അതനുസരിച്ച് ഈ സംസ്ഥാനത്തും ഈ വർഷം മദ്യനിരോധനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവോ ;

(സി) അങ്ങനെ വ്യാപിപ്പിക്കുമ്പോൾ പത്തനംതിട്ട താലൂക്കിന്റെ കാര്യം പരിഗണിക്കുകയും ഈ വർഷം അവിടെക്കൂടി മദ്യനിരോധനം ഏർപ്പെടുത്തുകയും ചെയ്യുമോ ?

ശ്രീ. എൻ. ജി. ചാക്കോ : (സി)-യുടെ ഉത്തരം കിട്ടിയാൽ മതി.

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം): (സി) കൂടുതലായി മദ്യനിരോധനം വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുമ്പോൾ പത്തനംതിട്ട താലൂക്കിന്റെ കാര്യം പരിഗണിക്കാം.

ശ്രീ. എൻ. ജി. ചാക്കോ : മദ്യനിരോധനം അടുത്തവർഷം മുതൽ എവിടെയെങ്കിലും വ്യാപിപ്പിക്കണമെന്നു തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : അതിനെപ്പറ്റി തീരുമാനിച്ചിട്ടില്ല.

ഓറിയന്റൽ മെഡിക്കൽ വ്യവസ്ഥ.

* 701. [11] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവിതാംകൂർ-കൊച്ചിയിൽ നിലവിലിരിക്കുന്ന ഓണറി മെഡിക്കൽ വ്യവസ്ഥ നിർത്തൽ ചെയ്യുവാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം :) അടുത്ത കൊല്ലത്തേക്ക് ഓണറി മെഡിക്കൽ വ്യവസ്ഥ നിർത്തൽ ചെയ്യുന്നതായി വിചാരിക്കുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ : സംസ്ഥാനത്തുള്ള മറ്റു പ്രധാന ആഴ്ചപത്രികകളിൽ കൂടി ഈ വ്യവസ്ഥ ഏർപ്പെടുത്താൻ ആലോചിക്കുമോ ?

ശ്രീ. എ. എ. റഹിം : ഈ വ്യവസ്ഥ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്ന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി : ഈ വ്യവസ്ഥ നിറുത്തണമെന്ന് ഒരു തീരുമാനം എടുത്തിട്ടില്ലേ ?

ശ്രീ. എ. എ. റഹിം : അങ്ങിനെ ഒരു തീരുമാനം എടുത്തിട്ടുണ്ടായിരുന്നു.

ശ്രീ. പ്രാക്കുളം ഭാസി : പിന്നെ, ഒരു വർഷത്തേക്കുകൂടി നീട്ടാൻ കാരണമെന്താണ് ?

ശ്രീ. എ. എ. റഹിം : ഡാക്ടർമാരുടെ കുറവുമൂലം അങ്ങനെ ചെയ്തിട്ടുള്ളതാണ്.

ശ്രീ. പ്രാക്കുളം ഭാസി : ഇനിയും ഓരോ വർഷം ഈ കാരണം കൊണ്ടു ഈ വ്യവസ്ഥ തുടരാനാണോ വിചാരിക്കുന്നത് ?

ശ്രീ. എ. എ. റഹിം : ഡാക്ടർമാർ ആവശ്യത്തിനു തികയുന്നതുവരെ തുടരേണ്ടിവരും.

ശ്രീ. പ്രാക്കുളം ഭാസി : എത്ര കാലം ഇതു തുടരുമെന്നാണു വിചാരിക്കേണ്ടതു് ?

ശ്രീ. എ. എ. റഹിം : ചില പ്രത്യേക രോഗങ്ങൾക്ക് ചില ഡാക്ടർമാർ സ്പെഷ്യലൈസു് ചെയ്തിട്ടുണ്ടായിരിക്കും. അങ്ങിനെയുള്ള ഡാക്ടർമാരുടെ ആവശ്യം ഇപ്പോൾ ഡിപ്പാർട്ടുമെൻറിലേക്കു കൂടുതലായിട്ടുണ്ടാകുന്നുണ്ടു്. പരിശീലനം കഴിഞ്ഞ ഡാക്ടർമാർ ആവശ്യത്തിനു കിട്ടുന്നതുവരെ ഈ സിസ്റ്റം തുടർന്നു നടത്തേണ്ടിവരും.

ശ്രീ. പ്രാക്കുളം ഭാസി : ഈ സിസ്റ്റം നിറുത്തൽ ചെയ്യണമെന്നു് തീരുമാനിക്കാൻ കാരണം എന്തായിരുന്നു ?

ശ്രീ. എ. എ. റഹിം : ആശുപത്രികളിൽ ശരിയായ ഡിസിപ്ലിൻ പാലിക്കാൻ സാധിക്കുന്നില്ലെന്നതുകൊണ്ടായിരുന്നു.

ശ്രീ. പ്രാക്കുളം ഭാസി : ഈ സിസ്റ്റം തുടർന്നാൽ ഡിസിപ്ലിൻ പാലിക്കാൻ സാധിക്കുമോ ?

ശ്രീ. എ. എ. റഹിം : ഡിസിപ്ലിൻ ശരിയായി പാലിക്കാൻ സാധിക്കുമെന്നു വിശ്വസിക്കുകയാണു്.

ശ്രീ. പ്രാക്കുളം ഭാസി : അതിനു വേണ്ട കൂടുതൽ നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ : എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറുകളിലും മറ്റു സംസ്ഥാനങ്ങളിൽ ഈ സിസ്റ്റം ഏർപ്പെടുത്തിയിട്ടുള്ളതായി അറിയാമോ ?

ശ്രീ. എ. എ. റഹിം : മദ്രാസിലും മറ്റും അങ്ങിനെ നടപ്പിലുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ : ലോകത്തിൻറെ എല്ലാ ഭാഗങ്ങളിലും ഓരോരോ സംപ്രദായം കാര്യക്ഷമതയെക്കരുതി നടപ്പിലിരിക്കുമ്പോൾ ഇവിടെ അതു നിറുത്തൽ ചെയ്യണമെന്നു പറയുന്നതു ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : ചില പ്രത്യേക രംഗങ്ങളിൽ, വിദഗ്ദ്ധന്മാരായ ഓണറി സംപ്രദായത്തിൽ നിയമിക്കുന്നതു് തെറ്റല്ല.

ശ്രീ. എം. വി. ചെറിയാൻ : ഓണറി സംപ്രദായം നിറുത്തൽ ചെയ്യുമെന്നും അതു് ഡിപ്പാർട്ടുമെന്റിനു വളരെ പ്രയോജനകരമാണെന്നും ഇവിടത്തെ പ്രമുഖ പത്രങ്ങളും മുഖപ്രസംഗങ്ങളും എഴുതിയിട്ടില്ലേ?

ശ്രീ. എ. എ. റഹിം : വിദഗ്ദ്ധന്മാരായ ഡാക്ടർമാരുടെ സേവനം ലഭിക്കുന്നതിനു് ഓണറി സംപ്രദായം ആവശ്യമാണെന്നാണു് പറഞ്ഞതു്.

ശ്രീ. ജെ. എ. ഭട്ടു് : ഈ സംപ്രദായം വിദഗ്ദ്ധന്മാരായ ഡാക്ടർമാക്കു പരിശീലനം നൽകാൻ സഹായകമാവുകയില്ലേ?

ശ്രീ. എ. എ. റഹിം : ഡാക്ടർമാക്കു പരിശീലനം നൽകാൻ ആശുപത്രികളും കൊടുക്കാറുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ : ഡാക്ടർമാർ പരിശീലനം നടത്തിയിട്ടാണു വിദഗ്ദ്ധന്മാരായ ഡാക്ടർമാരാകുന്നതെന്നറിയാമോ?

ശ്രീ. എ. എ. റഹിം : സ്വന്തമായി നഴ്സിംഗ്ഹോം സ്ഥാപിച്ചു പരിശീലനം നടത്തുന്നവരാണെന്നറിയാം.

ശ്രീ. കെ. പി. ഹാർമിസ് : ഓണറി സംപ്രദായം സ്വീകരിച്ചതിൽ ഇവിടെയും മദ്രാസിലും എന്താണു വ്യത്യാസമായിട്ടുള്ളതു്?

ശ്രീ. എ. എ. റഹിം : മദ്രാസിലെ സംപ്രദായത്തെ അടിസ്ഥാനമാക്കിയാണു് ഇവിടെയും നടപ്പിലാക്കിയിരിക്കുന്നതു്.

ശ്രീ. കെ. പി. ഹാർമിസ് : അങ്ങിനെയാണെങ്കിൽ അവിടെ ഇതു ഉപകാരപ്രദമായിട്ടോ, അപകടകരമായിട്ടോ കണ്ടുവരുന്നതു്?

ശ്രീ. എ. എ. റഹിം : ഇവിടെ ഈ സിസ്റ്റം അപകടമാണെന്നു പറഞ്ഞില്ല.

ശ്രീ. എം. വി. ചെറിയാൻ : ഓണറി സിസ്റ്റംമൂലം ഡിസിപ്ലിൻ പാലിക്കാൻ സാധിക്കുന്നില്ലെന്നു പറഞ്ഞതിനു ഒരു ഉദാഹരണം പറയാമോ?

ശ്രീ. എ. എ. റഹിം : ചില ആശുപത്രികളിൽ ശരിയായ സമയത്തു ഓണറി ഡാക്ടർമാർ ഹാജരാകുന്നില്ലെന്നു പരാതിയുണ്ടായിട്ടുണ്ടു്.

ശ്രീ. കെ. പി. ഹാർമിസ് : അവരുടെ സേവനം ആവശ്യപ്പെടുന്നതുതന്നെ ആ വ്യവസ്ഥയിലല്ലേ?

ശ്രീ. എ. എ. റഹിം : അങ്ങനെയാണു തീരുമാനിച്ചിരിക്കുന്നതു്.

ഫീൽഡാഫീസറന്മാർ.

* 702. [12] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായോന്നമനവകുപ്പിൽ ആകെ എത്ര ഫീൽഡാഫീസറന്മാരുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly